**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5273** **15-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് കൃഷി ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികൾക്ക് കൃഷി ഭൂമി ഉറപ്പ് വരുത്തുന്നതിനായി പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 09.11.2001 ലെ സ.ഉ (അച്ചടി) നമ്പർ: 63/2001/ പജപവിവിവ പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചു.<br><br>ഭൂരഹിതരായ മുഴുവൻ പട്ടകവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം.<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നിവ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി ലഭ്യമാക്കുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന ഭൂമി പട്ടകവർഗ്ഗക്കാർ കൃഷിയ്ക്കായി ഉപയോഗപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ